**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വിശ്വനാഥൻ എ.കെ, ഹെഡ് ക്ലാർക്ക് ശ്രീമതി. ഗിരിജ കെ, ക്ലാർക്കുമാരായ ശ്രീമതി. മിനി വി.സി, ശ്രീമതി. ബിന്ദു സി. എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2248/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 14.08.2018

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 11.09.2012-ലെ ഇ 12(എസ് സി 28/2012/എൻആർകെ) 25565/2012 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 17.11.2012-ലെ 11697/ഡി1/12 വിജി. നമ്പർ കത്ത്
3. സർക്കാരിന്റെ 18.04.2015-ലെ 73190/ഇപിബി3/2012/തസ്വഭവ നമ്പർ കുറ്റപത്രം
4. സെക്രട്ടറി ശ്രീ. വിശ്വനാഥൻ എ.കെ, ഹെഡ് ക്ലാർക്ക് ശ്രീമതി. ഗിരിജ കെ, ക്ലാർക്കുമാരായ ശ്രീമതി. മിനി വി.സി, ശ്രീമതി. ബിന്ദു സി. എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ
5. പഞ്ചായത്ത് ഡയറക്ടറുടെ 10.04.2017-ലെ ഡി1-13753/2015 നമ്പർ കത്ത്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 08.06.2012-ന് കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിൽ ആകസ്മിക പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. വിജിലൻസ് പരിശോധനയിൽ പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല, അധികൃത ഹാജരില്ലായ്മ, മണൽ വിതരണവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, പി ഫോറം എന്നിവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല, പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല എന്നീ ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി. വിജിലൻസ് കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്കുത്തരവാദികളായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വിശ്വനാഥൻ എ.കെ, എൽ.ഡി. ക്ലാർക്കുമാരായ ശ്രീമതി. മിനി വി.സി, ശ്രീമതി. ബിന്ദു സി, ഹെഡ് ക്ലാർക്ക് ശ്രീമതി. ഗിരിജ കെ. എന്നിവർക്കെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ഉദ്യോഗസ്ഥർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

ക്ലാർക്കായിരുന്ന ശ്രീമതി. മിനി വി.സി, ശ്രീമതി. ബിന്ദു സി. എന്നിവർ അനധികൃതമായി ഓഫീസിൽ ഹാജരാകാത്തതു സംബന്ധിച്ച് സെക്രട്ടറി ശ്രീ. വിശ്വനാഥൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ ശ്രീമതി. മിനിയുടെ അടുത്ത ബന്ധുവിന്റെ മരണവുമായി ബന്ധപ്പെട്ട് പോകേണ്ടി വന്നതിനാലാണ് ഓഫീസിൽ ഹാജരാകാത്തതെന്നും ശ്രീമതി. മിനിയുടെ ലീവ് അപേക്ഷ ലഭിച്ചയുടൻ

ലീവ് അനുവദിച്ച് രജിസ്റ്ററിൽ ചേർക്കുകയുണ്ടായെന്നും അതു പോലെ ശ്രീമതി. ബിന്ദു സി. സമർപ്പിച്ച ലീവ് അപേക്ഷ ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ബോധിപ്പിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചതിൽ സെക്രട്ടറിയുടെ ടി വാദങ്ങൾ അംഗീകരിക്കാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല, മണൽ വിതരണവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, പി. ഫോറം എന്നിവ പൂർണ്ണമല്ല എന്ന ആരോപണം സംബന്ധിച്ച് ജോലി ഭാരത്തിനനുസരിച്ച് സ്റ്റാഫ് ഇല്ലാത്തതിനാലാണ് ഇപ്രകാരം വീഴ്ച വന്നിട്ടുള്ളത് എന്ന സെക്രട്ടറിയുടെ വാദം പരിഗണിക്കാവുന്നതാണെന്നും ഡി&ഒ ലൈസൻസ് ഇല്ലാതെ പന്നി ഫാം പ്രവർത്തിക്കുന്നു എന്ന ആരോപണത്തിന്മേൽ സെക്രട്ടറി സമർപ്പിച്ച പ്രതിവാദത്തിൽ പന്നി ഫാമിന് 31.03.2012 വരെ ലൈസൻസ് ഉണ്ടായിരുന്നുവെന്നും എന്നാൽ 2012-13-ൽ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സമ്മതപത്രം ലഭിക്കാത്തതിനാൽ ലൈസൻസ് അനുവദിച്ചില്ലായെന്നും എന്നാൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് ഉണ്ടായിരുന്നു കാരണം ഫാമിനെതിരെ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ലെന്നും അറിയിക്കുകയുണ്ടായി. ഇക്കാര്യം പരിശോധിച്ചതിൽ ഫാമിനെതിരെ നടപടി സ്വീകരിക്കാതിരുന്നത് ബഹു. ഹൈക്കോടതിയുടെ ഉത്തരവ് കാരണമാണോ എന്ന് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമായിട്ടില്ലെന്നും നിലവിൽ നിയമാനുസൃത ലൈസൻസോടെ പ്രസ്തുത ഫാം പ്രവർത്തിച്ചു വരുന്നുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കെട്ടിട നിർമ്മാണ അപേക്ഷകൾ പരിഗണിക്കാതെവച്ച് അപേക്ഷകൾ പലതും സീനിയോറിറ്റി പ്രകാരമല്ല അനുവദിച്ചത് എന്ന ആരോപണം സംബന്ധിച്ച് സെക്രട്ടറി സമർപ്പിച്ച പ്രതിവാദ പത്രികയിൽ ന്യൂനതകളുള്ള അപേക്ഷകളിലെ നടപടികളാണ് വൈകിയതെന്നും കൂടാതെ 1 ഓവർസീയറും പഞ്ചായത്തിന്റെ ചാർജ്ജുള്ള 2 എഞ്ചിനീയറും മാത്രമുള്ളതിനാൽ ജോലി ഭാരം കൂടുതലായിരുന്നുവെന്നുമുള്ള വാദം പരിഗണിക്കാവുന്നതാണെന്നും വയൽ കമ്മിറ്റി രജിസ്റ്റർ കാലികമല്ലെന്ന ആരോപണവും പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിച്ചില്ലായെന്ന ആരോപണവും സംബന്ധിച്ച് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ ഓഫീസ് സ്റ്റാഫിന്റെ അപര്യാപ്തത കാരണമാണ് വയൽ കമ്മിറ്റി രജിസ്റ്റർ യഥാസമയം എഴുതി സൂക്ഷിക്കാൻ കഴിയാത്തതെന്നും, മറ്റു പല അടിയന്തിര കാര്യങ്ങൾക്കും മുൻഗണന കൊടുക്കേണ്ടി വന്നതിനാലാണ് പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ യഥാസമയം എഴുതി സൂക്ഷിക്കാത്തതെന്നുമുള്ള ടിയാന്റെ വാദത്തോട് യോജിക്കാനാകുന്നില്ലായെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസ് നടത്തിപ്പ് മുറപ്രകാരമല്ലെന്നും, പല അപേക്ഷകളും പരിഗണിക്കപ്പെട്ടില്ലെന്നുമുള്ള ആരോപണം സംബന്ധിച്ച് ഹെഡ് ക്ലാർക്ക് ശ്രീമതി. ഗിരിജ സമർപ്പിച്ച പ്രതിവാദ പത്രികയിൽ പാർട്ട് ടൈം ജീവനക്കാരുടെ സഹായത്തോടെയാണ് ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുന്നതെന്നും 4 മണൽക്കടവുകൾ ഉള്ളതിനാൽ ജോലി ഭാരം കൂടുതലാണെന്നും കൂടാതെ പുനർവിന്യാസത്തിലൂടെ നിയമിച്ച ക്ലാർക്ക് നീണ്ട അവധിയിലായിരുന്നുവെന്നുമുള്ള ശ്രീമതി. ഗിരിജയുടെ വാദം അംഗീകരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

08.06.2012-ന് അനധികൃതമായി ജോലിക്ക് ഹാജരായില്ല എന്ന ആരോപണം സംബന്ധിച്ച് ശ്രീമതി. മിനി സമർപ്പിച്ച പ്രതിവാദ പത്രികയിൽ തന്റെ അടുത്ത ബന്ധുവിന്റെ മരണവുമായി ബന്ധപ്പെട്ട് പോകേണ്ടി വന്നതിനാലാണ് ഹാജരാകാതിരുന്നതെന്നും ഇക്കാര്യം ഹെഡ് ക്ലാർക്കിനെ ഫോൺ മുഖാന്തിരം അറിയിച്ചിട്ടുണ്ടെന്നും തിരിച്ച് വന്ന് ലീവ് അപേക്ഷ സമർപ്പിച്ച് ലീവ് അനുവദിച്ചിട്ടുണ്ടെന്ന ടിയാരിയുടെ വാദം ലീവിന്റെ അടിയന്തര സാഹചര്യം പരിഗണിച്ച് ആകസ്മിക അവധിയായി പരിഗണിക്കാവുന്നതാണെന്നും ശ്രീമതി. മിനിയുടെ വാദം പരിഗണിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി. ബിന്ദു സി. സമർപ്പിച്ച പ്രതിവാദ പത്രികയിൽ താൻ 07.06.2012-ന തന്നെ ലീവ് അപേക്ഷ നൽകിയിട്ടുള്ളതാണെന്നും ഹെഡ് ക്ലാർക്ക് അത് ചേർക്കാൻ വിട്ടു പോയതാണെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചതിൽ ബിന്ദു 07.06.2012-ന തന്നെ അപേക്ഷ നൽകിയതായും ആയത് ഹാജർ ബുക്കിൽ രേഖപ്പെടുത്തിയതായും കാണുന്നു. നൽകിയ അപേക്ഷ അനുവദിച്ചത് രജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയെങ്കിലും ആയത് അവധിയായ പരിഗണിക്കണമെന്ന ടിയാരിയുടെ വാദം പരിഗണിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ജോലി ഭാരം മൂലമാണ് ഫ്രണ്ട് ഓഫീസിലെ വിതരണ രജിസ്റ്ററിൽ തപാൽ രേഖപെടുത്തുമ്പോൾ തിയതി, മണൽ രജിസ്റ്ററുകളിൽ അപേക്ഷകന്റെ പേര്, നൽകുന്ന മണലിന്റെ അളവ് അടവാക്കേണ്ട വാറ്റ്, ഇൻകം ടാക്സ് റോയൽറ്റി, RMF എന്നിവ രേഖപെടുത്താത്തത് എന്നുള്ള ഹെഡ് ക്ലാർക്ക് ശ്രീമതി. ഗിരിജയുടെയും സെക്രട്ടറി ശ്രീ. വിശ്വനാഥന്റെയും വാദം അംഗീകരിക്കത്തക്കതല്ലായെന്ന കാണുന്നു. 08.06.2012-ന് അനധികൃതമായി ജോലിക്ക് ഹാജരായില്ല എന്ന ആരോപണം സംബന്ധിച്ച് ശ്രമതി. മിനിസമർപ്പിച്ച പ്രതിവാദ പത്രികയിൽ തന്റെ അടുത്ത ബന്ധുവിന്റെ മരണവുമായി ബന്ധപ്പെട്ട് പോകേണ്ടി വന്നതിനാലാണ് ഹാജരാകാതിരുന്നതെന്നും ഇക്കാര്യം ഹെഡ് ക്ലാർക്കിനെ ഫോൺ മുഖാന്തിരം അറിയിച്ചിരുന്നു എന്നും തിരിച്ച് വന്ന് ലീവ് അപേക്ഷ സമർപ്പിച്ച് ലീവ് അനുവദിച്ചിട്ടുണ്ടെന്ന ശ്രീമതി. മിനിയുടെയും, ശ്രീമതി. ബിന്ദു 07.06.2012-ന തന്നെ ലീവ് അപേക്ഷ നൽകിയിരുന്നുവെന്നും ഹെഡ് ക്ലാർക്ക് അത് ചേർക്കുവാൻ വിട്ടു പോയതാണ് എന്നുമുള്ള വാദം പരിഗണനാർഹമാണ്. ഈ സാഹചര്യത്തിൽ ക്ലാർക്കുമാരായ ശ്രീമതി. മിനി വി.സി, ശ്രീമതി. ബിന്ദു സി. എന്നിവർക്കെതിരെയുള്ള അച്ചടക്കനടപടി ടിയാളുകളെ കുറ്റവിമുക്തരാക്കിയും, സെക്രട്ടറി ശ്രീ. വിശ്വനാഥൻ എ.കെ. ഹെഡ് ക്ലാർക്ക് ശ്രീമതി. ഗിരിജ കെ, എന്നിവരുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ടും അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിജിലൻസ് (ഡി) വകുപ്പ് (26.04.2018-ലെ ഡി4/ 220/ 2017 വിജി. നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/ 305/ 2015/ തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ